**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2627** **12-10-2021 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി കെ.കെ.രമ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് രൂപീകരിച്ചതിനു ശേഷം കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരള ബാങ്കിന്റെ ഹെഡ്ഡാഫീസിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ച് (PACS Development Department) ടി വകുപ്പിന്റെ കീഴിൽ എല്ലാ റീജിയണിലും PACS Development & Co-operative Credit Department പ്രവർത്തിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 13 ക്രെഡിറ്റ് പ്രോസസിംഗ് സെന്ററുകളിലും അതാതു ജില്ലകളിലെ ഭരണസമിതി അംഗം ചെയർമാനായ ഒരു 7 അംഗ പാക്സ് ഡെവലപ്മെന്റ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ ബ്രാഞ്ചുകളുടെയും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനും പരിശോധനകൾക്കും ആഡിറ്റിനുമായി പ്രത്യേക വിഭാഗം ഹെഡ്ഓഫീസിൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സംഘങ്ങളുടെയും പരിശോധന കൃത്യമായി നടത്തി വരുന്നു. കൂടാതെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക പദ്ധതികളും പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സംഘങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് കോർ ബാങ്കിംഗ് നെറ്റ് വർക്ക് ഏർപ്പെടുത്തുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് കൊണ്ട് കോർബാങ്കിംഗ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. |
| (സി) | കോവിഡ് പ്രതിസന്ധി മറികടക്കാൻ പ്രാഥമിക സംഘങ്ങളിലൂടെ ഗ്രാമങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിവരസാങ്കേതികവിദ്യ പഠന പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കോവിഡ് പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും(MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനും ആയത് സംസ്ഥാനത്തെ സഹകരണ |

| | | | |
|---|---|---|---|
| | | | മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിനുമായി Special Liquidity Facility(SLF) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000/- രൂപയാണ്. കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക് ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ “മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM’s Helping Hand Loan Scheme- CMHLS)” പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ